LIBRARY ARCHIVES Kerala Legislative Assembly

കരമന-കളിയിക്കാവിള റോഡ്

65(4075) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരമന-കളിയിക്കാവിള റോഡ് (മൂന്നാം ഘട്ടം) നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; നിർമ്മാണ പ്രവർത്തനങ്ങൾ എന്നുമുതൽ ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ദേശീയപാത 66-ൽ വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള 17.4 കി.മീ. ഭാഗം കരമന - കളിയിക്കാവിള ദേശീയപാത നാലുവരിപ്പാതയുടെ രണ്ടാംഘട്ട വികസനത്തിൽ ഉൾപ്പെടുന്നതാണ്. പ്രസ്തുത ഭാഗത്തിന്റെ വികസനത്തിനായി പൊതുമരാമത്ത് പി.പി.യു. വിഭാഗം തയ്യാറാക്കിയ കരട് അലൈൻമെന്റിന് അംഗീകാരം നൽകിയിട്ടുണ്ട്. ഏറ്റെടുക്കേണ്ട ഭൂമിയുടെ കൃത്യമായ അളവുകൾ ലഭ്യമാക്കുന്നതിനായി KIIFB-യുടെ Technical Resource Team-ന്റെ സഹായം അനുവദിച്ച് നൽകുന്നതിനായി KIIFB-യും സർവ്വേ നടത്തുന്നതിന് KRFB-യും കത്ത് നൽകിയിട്ടുണ്ട്. വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് PPU വിഭാഗവുമായി ചർച്ച നടത്തിയിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ റോഡുകൾ

66(4076) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിലെ ദേശീയ-സംസ്ഥാന-ജില്ലാ റോഡുകളുടെയും ബൈപ്പാസുകളുടെയും വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനപാതയായ എം.സി. റോഡിന്റെ വെട്ടുറോഡ് മുതൽ നിലമേൽ വരെയുള്ള 29.35 കി.മീ. ഭാഗം തിരുവനന്തപുരം ജില്ലയിൽവരുന്നു. ഇത് കെ.എസ്.ടി.പി.-യുടെ അധീനതയിൽപ്പെട്ടതാണ്. RICK Ltd-ന് കീഴിൽ വെള്ളനാട് - ചെറ്റച്ചൽ (21.9 കി.മീ.) റോഡാണ് തിരുവനന്തപുരം ജില്ലയിൽ വരുന്നത്. പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിൻകീഴിൽ കടമ്പാട്ടുകോണം (കി.മീ. 520/400) മുതൽ കളിയിക്കാവിള (590/100) വരെയുള്ള ഭാഗമാണ് വരുന്നത്. നിരത്ത്, എൻ.എച്ച്.എ.ഐ., കെ.ആർ.എഫ്.ബി. വിഭാഗങ്ങളിലെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.